# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്
## (ഹാജർ : കെ. സജീവ് കർത്താ)

RCS/10/2025-EB(1)

തിരുവനന്തപുരം, തീയതി : 31.05.2025
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം : സഹകരണ വകുപ്പ് - ജീവനക്കാര്യം - 31.05.2025 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന ശ്രീമതി. വാസന്തി. കെ. ആർ., ജോയിന്റ് ഡയറക്ടറുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) സഹകരണ സംഘം രജിസ്ട്രാറുടെ 27.05.2025 -ലെ ഇതേ നമ്പർ ഉത്തരവ്.
2) സർക്കാരിന്റെ 28.05.2025-ലെ സ.ഉ.(സാധാ) നം. 261/2025/Co-op നമ്പർ ഉത്തരവ്.

സഹകരണ വകുപ്പിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. വാസന്തി. കെ. ആർ-നെ 31.05.2025-ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ശ്രീമതി. വാസന്തി. കെ. ആർ.-ന് ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി. വാസന്തി. കെ. ആർ-നെ 31.05.2025 അപരാഹ്നം പുതിയ തസ്തികയിൽ നിന്നും വിരമിയ്ക്കുന്നതിന് അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാളിന്റെ പേരിന് നേരെ കാണിച്ചിരിക്കുന്ന ഓഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ പൂർണ്ണ അധിക ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീമതി. വാസന്തി. കെ. ആർ.,<br>(PEN No.231541)<br>ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്),<br>ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസ്,<br>തൃശ്ശൂർ. | ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>തൃശ്ശൂർ. |

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
സജീവ് കർത്താ. കെ
സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്:
പകർപ്പ്:

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
5) ജോയിന്റ് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ,
6) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), തൃശ്ശൂർ,
7) ജില്ലാ ട്രഷറി ആഫീസർ, തൃശ്ശൂർ,
8) നോഡൽ ഓഫീസർ, ഐ.റ്റി.സെക്ഷൻ,
9) സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ,
10) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി.)